"KERALA KAUMADI," Malayalam Daily, 16/8/85

കേരള കൗമുദി- 1160 കർക്കടകം 16 ബുധൻ

'തുളസീദലമുലചേ...'

രവികുമാർ

ഗോട്ടുവാദ്യത്തിലെ മഹാത്ഭുതമായ രവികിരൺ ഇതാ ഇക്കഴിഞ്ഞ ആഴ്ച ഒരു ഐതിഹാസിക ചരിത്രം കൂടി സൃഷ്ടിച്ചിരിക്കുന്നു-

രൂപത്തിലും ഘടനയിലും വീണയെപോലെയിരിക്കുന്ന ഗോട്ടുവാദ്യം അത്യന്തം സൂക്ഷ്മതയോടെ വാദനം ചെയ്യേണ്ട ഒന്നാണ്. മധുരമായ മുഴക്കമാർന്നതും ഉൾക്കാതുകളിൽ പ്രതിധ്വനി സൃഷ്ടിച്ചുകൊണ്ട് ആഴ്ന്നിറങ്ങുന്നതുമാണ് ഇതിന്റെ നാദം. കർണ്ണാടക സംഗീതത്തിൽ പഴയ തലമുറയിൽ തന്നെ അപൂർവ്വം ചിലർ മാത്രമേ ഗോട്ടു വാദ്യത്തിൽ പ്രാവീണ്യം പ്രദർശിപ്പിച്ചിട്ടുള്ളൂ. തിരുവിടമരുതൂർ സഖാരാമറാവു, ബുദലൂർ കൃഷ്ണമൂർത്തി ശാസ്ത്രി തുടങ്ങി ഒന്നോരണ്ടോ പേരുകൾമാത്രമാണ് നമ്മുടെ ഓർമ്മയിൽ എത്തുന്നതു. ഇന്നത്തെ തലമുറയിൽ ഗോട്ടുവാദ്യത്തിലെ അതുല്യ പ്രതിഭയാണ് പതിനേഴുകാരനായ രവികിരൺ.

1979 ലാണ് രവികിരണിന്റെ ശ്രദ്ധ പൂർണമായും ഗോട്ടു വാദ്യത്തിലേക്ക് തിരിഞ്ഞതു്. അതുവരെ വായ്പ്പാട്ടിലായിരുന്നു താല്പര്യം. മുത്തച്ഛൻ നാരായണ അയ്യങ്കാരും അച്ഛൻ നരസിംഹനും ഗോട്ടുവാദ്യ വിദഗ്ദ്ധരാണ്.

അഞ്ചാമത്തെ വയസ്സിൽ തന്നെ രവികിരൺ സംഗീത ലോകത്തിൽ അറിയപ്പെടാൻ തുടങ്ങിയിരുന്നു. ആ ചെറുപ്രായത്തിൽ അപൂർവ്വ രാഗങ്ങൾപോലും തിരിച്ചറിയുകയും അനവധി കീർത്തനങ്ങൾ ഹൃദിസ്ഥമാക്കുകയും ചെയ്തു. കർണാടക സംഗീതത്തിലെ മഹാപ്രതിഭയായ വീണാ വിദ്വാൻ എസ് ബാലചന്ദർ രവികിരണിനെ വർഷങ്ങൾക്ക് മുമ്പ് തന്നെ 'ഒരു അപൂർവ്വ പ്രതിഭാശാലി' എന്നാണ് വിശേഷിപ്പിച്ചതു്. തികച്ചും ദൈവികമായ സിദ്ധിയാണ് ഈ ബാലന് കൈവന്നിരിക്കുന്നതെന്ന് പ്രസിദ്ധരായ സംഗീതജ്ഞർ ഒന്നടങ്കം വാഴ്ത്തി. രവികിരൺ ഇതിനകം നിരവധി ഗോട്ടുവാദ്യ കച്ചേരികൾ ഇന്ത്യക്കകത്തും പുറത്തും അവതരിപ്പിച്ചു കഴിഞ്ഞു.

സെപ്തംബറിൽ രവികിരൺ പാരീസിൽ നടക്കുന്ന ഇന്ത്യൻ ഫെസ്റ്റിവലിൽ പങ്കെടുക്കും. പിന്നെ യൂറോപ്പൻ രാജ്യങ്ങളിലും കാനഡയിലും കച്ചേരികൾ അവതരിപ്പിക്കും. 1986 മാർച്ചിൽ അമേരിക്കയിൽ നടക്കുന്ന ഇന്ത്യൻ ഫെസ്റ്റിവലിലും രവികിരൺ ഗോട്ടു വാദ്യം വായിക്കും.

രവികിരൺ ഇപ്പോഴിതാ സംഗീതത്തിൽ മറ്റൊരു അത്ഭുതം കൂടി കാഴ്ച വെച്ചിരിക്കുന്നു. തുടർച്ചയായി ഇരുപത്തിനാല് മണിക്കൂർ നേരം ഗോട്ടുവാദ്യം വായിച്ച് റിക്കാർഡ് സൃഷ്ടിച്ചിരിക്കുന്നു. ഇതിന്റെ പിന്നിൽ പ്രചരണപരമായ ഒരു ഉദ്ദേശ്യവുമില്ലായിരുന്നു. തനിക്ക് ഈ കഴിവ് തന്നനുഗ്രഹിച്ച സർവ്വശക്തനായ ഈശ്വരന് ഒരർച്ചനയായിട്ടാണ് തുടർച്ചയായ ഗോട്ടുവാദ്യ വാദനം നടത്തിയതു്.

തമിഴ് നാട്ടിലെ അഡയാറിനടുത്തുള്ള പത്മനാഭസ്വാമി ക്ഷേത്രത്തിൽ വെച്ചായിരുന്നു റിക്കാർഡ് സൃഷ്ടിച്ച ഈ ഗോട്ടുവാദ്യ കച്ചേരി നടന്നതു്. ഈ മാസം 26 ാം തിയ്യതി വെള്ളിയാഴ്ച രാവിലെ 7 മണിക്ക് രവികിരൺ ഭക്ത്യാദരപൂർവ്വം ഈശ്വരനെ പ്രണമിച്ച് ഗോട്ടുവാദ്യം വായിക്കാൻ തുടങ്ങി. രാഗങ്ങളും കീർത്തനങ്ങളും ഗമകങ്ങളും നിരവലുകളും സ്വരപ്രസ്താരങ്ങളും വിശേഷപ്പെട്ട യോഗങ്ങളുമൊക്കെ ഇടതടവില്ലാതെ ആ വിരലുകളിൽ നിന്ന് പ്രവഹിച്ചു കൊണ്ടിരുന്നു.

വലിയ പ്രചരണമൊന്നും ഇല്ലാതിരുന്നതു കാരണം വളരെ കുറച്ചു പേർ മാത്രമേ ഗോട്ടുവാദ്യം കേൾക്കാനെത്തിയിരുന്നുള്ളൂ. പാലക്കാട്ട് സുന്ദരമാണ് മൃദംഗവാദനം നടത്തിയതു്. അച്ഛൻ നരസിംഹൻ അടുത്തു തന്നെ ഇരിപ്പുറപ്പിച്ചിരുന്നു. സംഗീത പ്രണയികളുടെ ആ ചെറു സദസ്സ് അഭൗമമായ നാദത്തിൽ ലയിച്ചിരുന്നു.

ഒരൊറ്റ കീർത്തനം പോലും രവികിരൺ ആവർത്തിച്ചില്ല. എല്ലാം വാദ്യസ്വരങ്ങളും മധുരതരങ്ങളുമായിരുന്നു. ഒന്നോ രണ്ടോ രാഗങ്ങൾ സന്ദർഭോചിതമായി ആവർത്തിക്കേണ്ടിവന്നുവെന്ന് മാത്രം.

സർവ്വവും മറന്ന്, ശ്രീപത്മനാഭനിൽ മാത്രം മനസ്സർപ്പിച്ച്, രവികിരണിന്റെ കൈവിരലുകൾ നാദത്തിന്റെ തുളസീദലങ്ങൾ ഉതിർത്തുകൊണ്ടിരുന്നു. ഓരോ കീർത്തനങ്ങളും ശ്രീപത്മനാഭന്റെ കാലടികളിൽ ഓരോ അർച്ചനാ പുഷ്പമായി വീണുകൊണ്ടിരുന്നു.

മണിക്കൂറുകൾ പലതു് കഴിഞ്ഞിട്ടും രവികിരൺ തളർന്നതേയില്ല. ഇരുപത്തിനാല് മണിക്കൂറിനിടക്ക് മൂന്ന് കപ്പ് പാൽ മാത്രമാണ് കഴിച്ചതു്.

ശനിയാഴ്ച രാവിലെ ഏഴ് മണിക്ക് മംഗളം പാടി രവികിരൺ വാദനം അവസാനിപ്പിച്ചു. ശ്രീപത്മനാഭന്റെ തിരുസന്നിധിയിൽ സാഷ്ടാംഗം വീണുനമസ്കരിച്ചു. ശ്രീപത്മനാഭന്റെ കണ്ഠത്തിൽ അണിയിച്ചിരുന്ന പുഷ്പ മാലയം രവികിരണിന് പ്രസാദമായി ലഭിച്ചു. ആയിരം അവാർഡുകളേക്കാൾ അമൂല്യമായ ഒന്നായിരുന്നു രവികിരണിന് ആ മാലയം. തന്റെ ആരാധനാ മൂർത്തിയായ, സർവ്വസ്വമായ പത്മനാഭസ്വാമിയുടെ വിഗ്രഹത്തിൽ ചാർത്തിയിരുന്ന പൂമാല രവികിരൺ ദിവ്യാനുഭൂതിയോടെ കണ്ണുകളിൽ വെച്ച്, പിന്നെ ഹൃദയത്തിൽ ചേർത്തു. സംഗീതത്തിന്റെ പൊരുളറിഞ്ഞവർ നിർവ്വൃതിയോടെ അതു് നോക്കി നിന്നു.

"குங்குமம்" "Kunkumam" 11.8.85 (Tamil Weekly)

கோட்டு வாத்தியத்தில் உலக சாதனை

கோட்டு வாத்தியத்தில் மாஸ்டர் ரவிகிரண் உலக சாதனை புரிந்துள்ளார் என்னை அடையாறு பத்மநாப கோவிலில் 26-7-85 அன்று காலை 6.56க்கு கோட்டு வாத்தியம் வாசிக்க ஆரம்பித்து மறுநாள் காலை 7 மணிவரை இடைவிடாமல் கோட்டு வாத்தியம் வாசித்து அதில் உலக சாதனை புரிந்துள்ளார்.

"இந்த மாதிரி சாதனை புரியவேண்டும் என்ற ஆவல் எப்படி உங்களுக்கு ஏற்பட்டது?"

"கோட்டுவாத்தியத்தில் எனக்கு சிறு வயதிலிருந்தே பெரிய ஈடுபாடு உண்டு.

ஒருமுறை எனது தந்தை சற்று கோபமாக, இதற்கு செலவளிக்கும் நேரத்தை இசைக்கு செலவளி என்றார். நான் உடனே கூறினேன். என்னால் 24 மணி நேரம் கூட தொடர்ந்து கோட்டு வாத்தியற்காக செலவுசெய்யமுடியும் என்றேன். அதுதான் எனது முயற்சிக்கு திருப்புமுனை.

வியாழன் இரவு 8.30 மணிக்கு சாப்பிட்டு படுத்தேன். இடதுகையில் சுளுக்கு இருந்தது. இதனால் லேசான வலி இருந்தது. பாடிக்கொண்டே படுத்து இருந்தேன். எனது பெற்றோர்கள் என்னை உறங்கச் சொன்னார்கள். நானும் உறங்கினேன். 4.30 மணிக்கு எழுந்தேன். இன்னும் நேரம் இருக்கிறது படு என்றார்கள். மேலும் ஒரு மணி நேரம் தூங்கினேன். 5.30 மணிக்கு எழுந்தேன். குளித்துவிட்டு சிறிது நேரம் வீட்டில் வாசித்துவிட்டுகோவிலுக்குச் சென்றேன். எதுவும் சாப்பிடவில்லை. 6.45க்கு மேடையில் அமர்ந்துவிட்டேன். யாரிடமும் பக்கவாத்தியம் சொல்லவில்லை பாலக்காடு வி. எஸ். சுந்தரம்அவரே விருப்பப்பட்டு வந்து என்னுடன் கிட்டத்தட்ட (விட்டு விட்டு) 15 மணி நேரம் மிருதங்கம் வாசித்தார். பின்னர் ஜெயந்தி கோபால், மற்றும் இருவர் வாசித்தார்கள்.

விளம்பரம்செய்யாததால் ஆரம்பிக்கும் போது மிகவும் குறைந்த அளவுதான் ரசிகர்கள் இருந்தார்கள். முடிக்கும்போது கிட்டத்தட்ட 100 பேர் இருந்தார்கள். நிகழ்ச்சியின் இடையில் ஒரே ஒரு முடக்கு தண்ணீர்; மூன்று அரை கப் பால் சாப்பிட்டேன். உட்கார்ந்த இடத்தை விட்டு நகரவில்லை.

ஒரு பாடலுக்கும் அடுத்த பாடலுக்கும் இடைப்பட்ட நேரம் இரண்டு விநாடிகள் தான் இருக்கும். அன்று நான் 138 கீர்த்தனங்களை 115 ராகங்களில் வாசித்தேன். கீர்த்தனைகளை எதுவும் திரும்ப வாசிக்கவில்லை"

"இடையில் ஏதாவது சோர்வு ஏற்பட்டதா?"

"இடையில் சோர்வோ, கண் அயர்வோ எதுவும் ஏற்படவில்லை. உட்கார்ந்த இடத்தை விட்டு நகராததால் பொதுவாக ரத்த ஓட்டம் சிறிது தடைபடும். ஆனால் எனக்கு அப்படி ஏற்படவில்லை. மறுநாள் மதியம்தான் நான் சாப்பிட்டேன்."

—திருவேங்கிமலை சரவணன்